"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - പുല്ലേപ്പടി റെയിൽവേ മേൽപ്പാലം - ബഹു. എറണാകുളം സബ്കോടതിയിലെ എൽ.എ.ആർ. നം. 83/09, 90/09 കേസുകളിലെ ഉത്തരവ് - വിധി തുക- തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതുമരാമത്ത്(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.66/2025/PWD തിരുവനന്തപുരം, തീയതി 16-01-2025

---

പരാമർശം:- 1. 19.07.2024 തീയതിയിലെ സ.ഉ. (സാധാ) നം.713/2024/പൊ.മ.വ. നമ്പർ ഉത്തരവ്

2. നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനിയറുടെ 13.12.2024 തീയതിയിലെ CEPWD/7839/2023-FR8-PWD നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പുല്ലേപ്പടി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. എറണാകുളം സബ് കോടതിയിലെ എൽ.എ.ആർ. നം. 83/09, 90/09 എന്നീ കേസുകളിലെ വിധി പ്രകാരമുള്ള തുക അടവാക്കുന്നതിന് തുക അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

| ക്രമ നമ്പർ | എൽ.എ.ആർ. നമ്പർ. | തുക |
|---|---|---|
| 1 | 83/09 | 21,91,622 |
| 2 | 90/09 | 1,96,322 |
| | | 23,87,944 |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ പുല്ലേപ്പടി റെയിൽവേ മേൽപ്പാലത്തിന്റെ നിർമാണവുമായി ബന്ധപ്പെട്ട് ബഹു. എറണാകുളം സബ് കോടതിയിലെ എൽ.എ.ആർ. നം. 83/09, 90/09 എന്നീ കേസുകളിലെ ഉത്തരവ് പ്രകാരമുള്ള വിധി തുക അടവാക്കുന്നതിന് 23,87,944/- രൂപ അനുവദിച്ചുകൊണ്ടും പരാമർശം (1) പ്രകാരം മുൻപ് അനുവദിച്ച 17,99,35,083/- രൂപയും ചേർത്ത് ആകെ 18,23,23,027/- (പതിനെട്ട് കോടി

ഇരുപത്തി മൂന്ന് ലക്ഷത്തി ഇരുപത്തി മൂന്നായിരത്തി ഇരുപത്തി ഏഴ് രൂപ മാത്രം) രൂപയുടെ പുതുക്കിയ ഭരണാനുമതി, അധിക തുക തിരിച്ചടയ്ക്കയണമെന്ന വ്യവസ്ഥയോടെ, അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക '5054-04-337-80-പി.സി.' എന്ന ശീർഷകത്തിൽ 2024-25 സാമ്പത്തികവർഷത്തിൽ വകയിരുത്തിയ തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി ഇ എസ്
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, നിരത്തുകൾ വിഭാഗം, തിരുവനന്തപുരം.
എക്സി. എഞ്ചിനീയർ (നിരത്തുകൾ ) പൊതുമരാമത്ത് വകുപ്പ്, എറണാകുളം.
ജില്ലാ കളക്ടർ, എറണാകുളം.
പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 16-01-2025 14:23:55
സെക്ഷൻ ഓഫീസർ